## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 8105 24-07-2012-ൽ മറുപടിയ്ക്ക്

## കമ്മ്യൂണിറ്റി സ്പോർട്സ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.പി.എ.മാധവൻ | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) കമ്മ്യൂണിറ്റി സ്പോർട്സ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ ;<br><br>(ബി) മലയാളികൾക്ക് ജീവിത ശൈലീ മൂലമുണ്ടാകുന്ന രോഗങ്ങൾ നിയന്ത്രിക്കാനും കായികക്ഷമത വർദ്ധിപ്പിക്കാനുമായി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;<br><br>(സി) ക്ലബുകളുടെയും റെസിഡൻസ് അസോസിയേഷനുകളുടെയും സഹകരണം ഈ പദ്ധതിയിൽ ഉറപ്പാക്കുന്ന കാര്യം പരിഗണിക്കുമോ ? | (എ), (ബി) & (സി) ജനങ്ങളുടെ ആരോഗ്യപരവും കായികവുമായ വികസനം ലക്ഷ്യമാക്കിയുള്ള പദ്ധതിയാണിത്. സ്കൂളുകളിലും, കോളേജുകളിലും കുട്ടികളുടേയും യുവജനങ്ങളുടേയും കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനായി എയ്റോബിക്സ്, യോഗ തുടങ്ങിയ കായിക ഇനങ്ങളിൽ പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിയിലൂടെ 14 ജില്ലകളിലും കായിക പ്രവർത്തനങ്ങൾക്കായി ഉദ്യാനങ്ങൾ/ കേന്ദ്രങ്ങൾ നിർമ്മിക്കാനുദ്ദേശിക്കുന്നു. വിവിധ യുവജനസംഘടനകളുടെ സഹകരണത്തോടു കൂടി സംസ്ഥാനത്തെ തെരഞ്ഞെടുത്ത യുവജന ക്ലബുകളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി കായിക വികസനം ലക്ഷ്യമിടുന്നു. 280 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തുകയും 2,24,00,000 രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ 140 ലക്ഷം രൂപ പ്രീഫാബ് കമ്മ്യൂണിറ്റി ആക്ടിവിറ്റി ഹാൾ, സൈക്കിൾ ട്രാക്ക്, കുട്ടികളുടെ കളിസ്ഥലം, ജോഗിംഗ് പാത്ത്, കുളങ്ങളുടെ പുനരുദ്ധാരണം എന്നിവയ്ക്കും 84 ലക്ഷം രൂപ സിന്തറ്റിക് പ്രതലത്തോടുകൂടിയ ഷട്ടിൽ ബാഡ്മിന്റൺ കോർട്ട് (14 ജില്ലകളിലും 1 വീതം ഓരോന്നിനും 6 ലക്ഷം രൂപ ചെലവിൽ) നിർമ്മിക്കുന്നതിനുമാണ് നീക്കി വെച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ